# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 37      26.02.2018-ലെ മറുപടിക്ക്

**സർക്കാർ ഓഫീസിലെ അഴിമതി തടയൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് ഒഴികെയുള്ള മറ്റ് സർക്കാർ ഓഫീസുകളിൽ ഫയൽ നീക്കം കാര്യക്ഷമവും സമയബന്ധിതവും ആക്കാനും ഉദ്യോഗസ്ഥർ നിയമാനുസൃതം സമയ പരിധിക്കുള്ളിൽ ഓഫീസിലെ ത്തുന്നതും /തിരികെ പോകുന്നതും ഉറപ്പ് വരുത്തുവാനും ഫയലുകൾ അനുശാസിക്കുന്ന നിയമ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി തീർപ്പാക്കാനുമായി സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ വകുപ്പുകളിൽ ഫയൽ നീക്കം കാര്യക്ഷമവും സമയ ബന്ധിതമായി തീർപ്പാക്കാനുമായി എല്ലാ വകുപ്പധ്യക്ഷന്മാർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുന്ന സർക്കുലർ നം. 12960/എ.ആർ14(2)/2015/ ഉഭപവ തീയതി 04.08.2015 പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഉദ്യോഗസ്ഥർ നിയമാനുസൃതം സമയ പരിധിക്കുള്ളിൽ ഓഫീസിലെ ത്തുന്നതും /തിരികെ പോകുന്നതും ഉറപ്പ് വരുത്തുവാൻ പഞ്ചിംഗ് കർശനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകളിലെ അഴിമതിയും കൈക്കൂലിയും തടയുവാൻ എന്തു നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഓഫീസുകളിലെ അഴിമതി ഫലപ്രദമായി തടയുന്നതിന് ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തി പ്പെടുത്തിയും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കീഴിൽ കർശനമായ മറ്റ് നിയമ നടപടികളും സ്വീകരിച്ച് വരുന്നു. |
| (സി) | ഇത്തരത്തിൽ സർക്കാർ വകുപ്പുകളിലെ അഴിമതി തടയുവാൻ എന്തു നടപടികൾ സ്വീകരിച്ച് വരുന്നു എന്നും ഈ സർക്കാർ കാലയളവിൽ അഴിമതി/കൈക്കൂലി/ഓഫീസ് നിയമാവലി ലംഘിച്ച പ്രവർത്തനം എന്നിവകളിലായി എത്ര ഉദ്യോഗസ്ഥരുടെ പേരിൽ (പരാതി ലഭിച്ചവരുൾപ്പെടെ) കേസുകൾ രജിസ്റ്റർ ചെയ്തു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു |

Dep.
സെക്ഷൻ ഓഫീസർ